LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ) : സർ, ഭാരതപ്പുഴയ്ക്ക് കുറുകെ മായന്നൂർ പാലത്തിന്റെ പണി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചത്. കരാർ പ്രകാരം 17-1-2002-ൽ പണി പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ വെള്ളപ്പൊക്കം കാരണം പണി തടസ്സപ്പെടുകയും ഡെസ്ക് സ്ലാബിന്റെ ഡിസൈൻ പുതുക്കിയതുകാരണം സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി തേടേണ്ടി വരികയും ചെയ്തു. പാലത്തിന്റേയും തൂണുകളുടേയും മായന്നൂർ ഭാഗത്തെ ബോക്സ് ഗർഡർ ഡെസ്ക് സ്ലാബിന്റെയും പണി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പണികൾ നടന്നു വരുന്നു. പണി ചെയ്ത വകയിൽ 270 ലക്ഷത്തിലധികം രൂപ കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകാനുണ്ട്. കൂടാതെ റെയിൽവേ പാലം കൂടി വരുന്നതിനാൽ റെയിൽവേ നൽകിയ എസ്റ്റിമേറ്റ് തുകയായ 284 ലക്ഷം രൂപ കൂടി അടയ്ക്കേണ്ടതായിട്ടുണ്ട്. സാമ്പത്തിക പരാധീനതകൾ പാലത്തിന്റെ നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ഹഡ്കോയിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല. നബാർഡിൽ നിന്നും തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. അതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിൽ സമർപ്പിച്ചു. അതിനോടനുബന്ധിച്ച് 12-3-2004-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ വി. സി. കബീർ, കെ. രാധാകൃഷ്ണൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നബാഡിലെ ഉദ്യോഗസ്ഥൻമാർ പാലം പണി പരിശോധിക്കുകയും ധനസഹായം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എല്ലാ തടസ്സങ്ങളും നീക്കി പാലംപണി എത്രയും വേഗം പൂർത്തിയാക്കാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട് ഈ വരുന്ന മാസം അവസാനം ലഭിക്കും. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് തീർച്ചയായും അവർ ഇതിൽ ഉൾപ്പെടുത്തും എന്ന ശുഭാപ്തിവിശ്വാസത്തിലാണ്. അത് വന്നുകഴിഞ്ഞാൽ എത്രയും പെട്ടെന്ന് പണി പൂർത്തിയാക്കാനുള്ള നടപടിയെടുക്കുന്നതാണ്.

(3) നെടുമങ്ങാട് റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 1995-ൽ പണി ആരംഭിച്ച റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 9 വർഷങ്ങളായിട്ടും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കാരറുകാരന്റെ അനാസ്ഥ മൂലമാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നത്. പ്രസ്തുത കരാർ റദ്ദ് ചെയ്ത് റീ-ടെന്റർ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് കഴിഞ്ഞ രണ്ട് സഭാ സമ്മേളനങ്ങളിലും എന്റെ സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നതാണ്. എന്നാൽ യാതൊരു ഫലവും ഉണ്ടായിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി, മന്ത്രി ഉന്നതതല യോഗം വിളിച്ചുചേർത്ത് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, ഇത് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്നതാണ്. സമയപരിധിക്കുള്ളിൽ ജോലി പൂർത്തീകരിക്കാത്തതുകൊണ്ടാണ് ഈ കാലതാമസം വന്നത്. 93 ശതമാനം ജോലിയും പൂർത്തീകരിച്ചിട്ടുണ്ട്. 3 1/2 കോടി രൂപയുടെ പണി തീർന്നു. ഇനിയും 1 1/2 കോടി രൂപയുടെ പണി പൂർത്തിയാക്കാനുണ്ട്. ആ പണി ആറ് മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. ഏതായാലും കരാറുകാരന്റെ അനാസ്ഥയാണ് കാലതാമസത്തിന് കാരണം. ക്യാൻസൽ ചെയ്താൽ പുതിയ ആളിനെ വിളിക്കാൻ ഇനിയും കാലതാമസം വരും. അതുകൊണ്ട് ഇയാളെക്കൊണ്ടുതന്നെ ചെയ്യിപ്പിക്കാൻ പറ്റുമെങ്കിൽ ചെയ്യിപ്പിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമുക്ക് ഒരു കോൺഫറൻസ് നടത്തി പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് സോർട്ട് ഔട്ട് ചെയ്യാൻ ശ്രമിക്കാം. ഏതായാലും ആറ് മാസത്തിനുള്ളിൽ ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

(4) പാലക്കാട് ജില്ലയിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. വി.കെ. ചന്ദ്രൻ : സർ, മലമ്പുഴ ഡാമിന്റെ പ്രധാന സ്രോതസ്സായ ഒന്നാം പുഴയെ ആട്ടുമലയിൽ വച്ച് തമിഴ്നാട്ടിലേയ്ക്ക് തിരിച്ചു വിട്ടു. മലമ്പുഴ ഡാമും ഭാരതപ്പുഴയും പാലക്കാട് ജില്ലയും കടുത്ത ജലക്ഷാമംമൂലം ദുരിതമനുഭവിക്കുകയാണ്. കാർഷിക മേഖലയാകെ തകർക്കപ്പെടുന്ന ഒരു സമീപനമാണ് ഇതിന്റെ ഭാഗമായിട്ട് സംഭവിച്ചിട്ടുള്ളത്. കേരള സംസ്ഥാനത്തിലെ ഉദ്യോഗസ്ഥൻമാർക്ക് ഈ കാര്യം ബോദ്ധ്യപ്പെട്ടുവെങ്കിലും ഇതിന് പരിഹാരം കാണാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറായിട്ടില്ല. പാലക്കാട് ജില്ലയിലെ വിഷയമാണ് ഇത് പാലക്കാടുകാർ ചെയ്യട്ടെ എന്ന ധാരണയിലാണ് സംസ്ഥാന ഗവൺമെന്റ് നിൽക്കുന്നത്. പാലക്കാട് കളക്ടറും സംഘവും കഴിഞ്ഞ ജൂൺ മാസം 6-ാം തീയതി ആട്ടുമലയിൽ ഈ തടസ്സം കണ്ടെത്തുകയും ആ തടസ്സം മാറ്റുകയും ചെയ്തു. കേരള-തമിഴ്നാട് ജില്ലയുടെ അതിർത്തിക്കല്ല് മാറ്റിക്കൊണ്ടാണ് തമിഴ്നാട് ഈ ഭാഗത്ത് ജണ്ടകെട്ടി ഒന്നാം പുഴയിലെ നീരുറവ തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിട്ടത്. ഇത് മാത്രമല്ല, പറമ്പിക്കുളം-ആളിയാറിൽ നിന്ന് പാലക്കാട് ജില്ലയ്ക്ക് കിട്ടേണ്ട വെള്ളം, മണക്കടവിൽ വച്ച് നമുക്ക് അളന്ന് തരുന്നുണ്ട്. ഈ വെള്ളം പാലക്കാട് മേഖലയിലേയ്ക്ക് ഒഴുകി വരുമ്പോൾ ആ വെള്ളം തമിഴ്നാട് തിരിച്ചുകൊണ്ടുപോകുന്ന ഒരു സ്ഥതിയാണുള്ളത്. ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. കേരള സംസ്ഥാനത്തിലെ ജലം തമിഴ്നാട് കൃത്യമായി അളന്നുകൊണ്ട് പോകുന്നുമുണ്ട്. അതിൽ യാതൊരു കുറവും കേരള സംസ്ഥാനം വരുത്തുന്നില്ല. കേരളത്തിന് കിട്ടേണ്ട വെള്ളം നേടിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പുറകോട്ട് പോകുന്നു. ഇതിപ്പോൾ അന്തർ സംസ്ഥാന നദീജലതർക്കമാക്കി മാറ്റുന്നതിനുള്ള ഒരു ശ്രമമാണ് തമിഴ്നാട് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് മനസ്സിലാക്കി, സംസ്ഥാന ഗവൺമെന്റ് പാലക്കാട് ജില്ലയെ അതിരൂക്ഷമായ ജലക്ഷാമത്തിൽ നിന്നും രക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും കേരളം-തമിഴ്നാടിന്റെ അതിർത്തി നിർണ്ണയിച്ച് കേരളത്തിന് ലഭ്യമാക്കേണ്ട വെള്ളം കൃത്യമായി നേടിയെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly